# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2076 05.12.2018-ൽ മറുപടിക്ക്

### ശബരിമലയിലെ പോലീസ് നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി. സി. ജോർജ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ശബരിമലയിൽ ഡ്യൂട്ടി ചെയ്യുന്ന ഉന്നത പോലീസ് ഉദ്യോഗസ്ഥർ ജനപ്രതിനിധികളോടും പൊതു പ്രവർത്തകരോടും അപമര്യാദയോടും മോശമായും പെരുമാറുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് സംബന്ധിച്ച് എത്ര പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്; അതിൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ശബരിമലയിൽ ഇപ്പോൾ മണ്ഡല മകരവിളക്ക് ഉത്സവം പ്രമാണിച്ച് ഒന്നാം ഘട്ടത്തിൽ എത്ര പോലീസ് ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്ക് നിയമിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; കഴിഞ്ഞ വർഷം ഇതേസമയം ഒന്നാം ഘട്ടത്തിൽ എത്ര പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചിരുന്നു എന്ന് വിശദമാക്കുമോ; | (ബി) ബഹു. സുപ്രീംകോടതിയുടെ ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് ഉണ്ടായ വിധിക്കുശേഷം ഈ വർഷത്തെ മണ്ഡല മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് തീർത്ഥാടകരുടെ സുരക്ഷയ്ക്കും സുഗമവുമായ ദർശനത്തിനുമായി ഒന്നാം ഘട്ടത്തിൽ 3450 പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. 2017 – 18 ലെ ശബരിമല മണ്ഡല മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് ഒന്നാം ഘട്ടത്തിൽ 1535 പോലീസ് ഉദ്യോഗസ്ഥരെയാണ് നിയോഗിച്ചിരുന്നത്. |

(സി) ശബരിമല മണ്ഡല മകരവിളക്കുമായി ബന്ധപ്പെട്ട് ഇപ്പോൾ എത്ര അയ്യപ്പ ഭക്തരെ നാമജപം നടത്തിയതിന്റെ പേരിൽ അറസ്റ്റ് ചെയ്തിട്ടുണ്ട്; അവരുടെ പേരിൽ ചുമത്തിയ വകുപ്പുകൾ ഏതൊക്കെയാണ്; എത്ര കേസുകൾ രജിസ്റ്റർ ചെയ്തു വിശദമാക്കുമോ;

(സി) ശബരിമല മണ്ഡല മകരവിളക്ക് ഉത്സവവുമായി ബന്ധപ്പെട്ട് നാമജപം നടത്തിയതിന്റെ പേരിൽ അയ്യപ്പ ഭക്തർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്യുകയോ ആരെയെങ്കിലും അറസ്റ്റ് ചെയ്യുകയോ ഉണ്ടായിട്ടില്ല.

(ഡി) ശബരിമലയിൽ നിന്നും നിലയ്ക്കൽ നിന്നും ഈ മണ്ഡലകാലത്ത് അറസ്റ്റ് ചെയ്തിട്ട് ഇതുവരെ ജാമ്യം ലഭിക്കാത്ത എത്ര അയ്യപ്പഭക്തർ ഉണ്ട്; എന്തുകൊണ്ട് ജാമ്യം ലഭിച്ചില്ല എന്നും അവരുടെ പേരിൽ ഉള്ള കേസുകൾ എന്തൊക്കെയാണ് എന്നും വിശദമാക്കുമോ?

(ഡി) ശബരിമല, നിലയ്ക്കൽ എന്നീ സ്ഥലങ്ങളിൽ നിന്നും ഈ മണ്ഡലകാലത്ത് അയ്യപ്പഭക്തരായ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

സെക്ഷൻ ഓഫീസർ